# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

എച്ച്.ആർ.എം.പി. നമ്പർ : 8028/11/12/2025/ TVM

പരാതികക്ഷി : കമ്മീഷൻ സ്വമേധയാ എടുത്ത കേസ്

എതിർകക്ഷികൾ

ഉത്തരവ് തീയതി 15.12.2025

തിരുവനന്തപുരം SAT ആശുപത്രിയിലെ വെന്റിലേറ്ററുകൾ പ്രവർത്തനക്ഷമം അല്ല എന്ന 04.11.2025 തീയതിയിലെ പത്രവാർത്തയെ തുടർന്ന് കമ്മീഷൻ സ്വമേധയാ എടുത്ത കേസാണിത്.

2. കമ്മീഷന്റെ ഇടക്കാല ഉത്തരവിനെ തുടർന്ന് 15.12.2025 തീയതിയിൽ നടന്ന സിറ്റിംഗിൽ SAT ആശുപത്രി സൂപ്രണ്ട് നേരിട്ട് ഹാജരായി റിപ്പോർട്ട് സമർപ്പിച്ചു. പീഡിയാട്രിക് സർജറി വിഭാഗത്തിൽ ഗുരുതരാവസ്ഥയിലുള്ള രോഗികളെ ചികിത്സിക്കുന്ന PICU ൽ തീവ്ര പരിചരണം ആവശ്യമുള്ള രോഗികൾക്ക് ആവശ്യത്തിന് വെന്റിലേറ്ററുകൾ സജ്ജീകരിച്ചിട്ടുണ്ടെന്നും, ICU വിലെ ബെഡുകൾക്ക് അനുപാതികമായി പ്രവർത്തന സജ്ജമായ വെന്റിലേറ്ററുകൾ നിലവിലുണ്ടെന്നും നിലവിലെ 65 വെന്റിലേറ്ററുകളിൽ 8 എണ്ണം പ്രവർത്തനരഹിതമാണെന്നും അവ നന്നാക്കാൻ കഴിയുന്നവ ആണെന്നും അതിലേക്കായി മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് കത്ത് നൽകിയിട്ടുണ്ടെന്നും നിലവിൽ 55 എണ്ണം പ്രവർത്തനക്ഷമമാണെന്നും, പത്രവാർത്തയിൽ ആകെയുള്ള വെന്റിലേറ്ററുകളുടെ എണ്ണം വന്നിട്ടില്ല എന്നും സൂപ്രണ്ട് കമ്മീഷനെ നേരിട്ട് അറിയിച്ചു.

3. പ്രവർത്തനക്ഷമമല്ലാത്ത 8 വെന്റിലേറ്ററുകൾ അടിയന്തരമായി നന്നാക്കുന്നതിനുള്ള നടപടി മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോട് കൂടി ഈ കേസ് കമ്മീഷൻ തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, SAT ആശുപത്രി സൂപ്രണ്ട്, എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്/-
**ജസ്റ്റിസ് അലക്സാണ്ടർ തോമസ്**
**ചെയർപേഴ്സൺ**

//ശരിപകർപ്പ്//

**രജിസ്ട്രാർ**